പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 189 — 04.10.2011 ൽ മറുപടിയ്ക്ക്

## ബൈതരണിയിലെ കൽക്കരി ഉപയോഗപ്പെടുത്തി വൈദ്യുതി നിലയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ.കെ. ബാലൻ<br>ശ്രീ.ബി.ഡി. ദേവസ്സി<br>ശ്രീ. കെ. സുരേഷ് കുറുപ്പ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) ബൈതരണി കൽക്കരി പാടത്തു നിന്നും കേരളത്തിന് അനുവദിച്ച കൽക്കരി ഉപയോഗപ്പെടുത്തി എൻ.ടി.പി.സി യുമായി സഹകരിച്ച് വൈദ്യുതി നിലയം സ്ഥാപിക്കാനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ ; | (എ) ബൈതരണി കൽക്കരി പാടത്തു നിന്നും കേരളത്തിന് അനുവദിച്ച കൽക്കരി ഉപയോഗപ്പെടുത്തി എൻ.ടി.പി.സി.യുമായി സഹകരിച്ച് ഒരു വൈദ്യുതി നിലയം സ്ഥാപിക്കുന്നതിന്റെ സാധ്യതകളെക്കുറിച്ച് കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിലേയും സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റിയിലേയും എൻ.ടി.പി.സി.യി.ലേയും ഉയർന്ന ഉദ്യോഗസ്ഥരും കെ.എസ്.ഇ.ബി. ചെയർമാനും ഉൾപ്പെടുന്ന ഒരു കമ്മിറ്റി പഠിച്ചു വരികയാണ്. |
| (ബി) പ്രസ്തുത നിലയം എവിടെ സ്ഥാപിക്കാനാണുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ; | (ബി) എൻ.ടി.പി.സി.യുടെ നിലവിലുള്ള രാമഗുണ്ടം താപനിലയത്തോട് ചേർന്ന് പ്രസ്തുത പദ്ധതി സ്ഥാപിക്കുന്നതിന്റെ സാധ്യതയെക്കുറിച്ചാണ് കമ്മിറ്റി പരിശോധിക്കുന്നത്. |
| (സി) ഇപ്രകാരം സ്ഥാപിക്കുന്ന നിലയത്തിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി പൂർണ്ണമായും കേരളത്തിന് ലഭിക്കുമെന്ന് ഉറപ്പുവരുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ? | (സി) കെ.എസ്.ഇ.ബി., എൻ.ടി.പി.സി, സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി, ആന്ധ്രപ്രദേശ് സർക്കാർ, കേന്ദ്ര സർക്കാർ, കേരള സർക്കാർ, റഗുലേറ്ററി കമ്മീഷനുകൾ എന്നീ ബന്ധപ്പെട്ട അധികാരികളുമായി ചർച്ച നടത്തിയ ശേഷം മാത്രമേ ഈ കാര്യത്തിൽ അന്തിമ തീരുമാനം എടുക്കാനാകൂ. |

സെക്ഷൻ ഓഫീസർ